## പതിനാലാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.868 01.03.2017 ന് മറുപടിയ്ക്ക്.

## കാട്ടാനശല്യം തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് ഫോറസ്റ്റ് റേഞ്ചിന് കീഴിലെ വിവിധ പ്രദേശങ്ങളിൽ കാട്ടാനകൾ കാർഷികവിളകൾ വ്യാപകമായി നശിപ്പിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ; | (എ) കാസർഗോഡ് ജില്ലയിലെ അതിർത്തി പ്രദേശത്തുള്ള കർണ്ണാടക സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ നിന്ന് കാട്ടാനകളിറങ്ങി കാർഷിക വിളകൾക്ക് നാശനഷ്ടമുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത് തടയുന്നതിന് ഈ മേഖലയിൽ കൂടുതൽ സുരക്ഷ ഏർപ്പെടുത്തുന്ന വിഷയം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ? | (ബി) ഇത് തടയുന്നതിനായി വനാതിർത്തിയിൽ തലപ്പച്ചേരി മുതൽ ഒഡ്യാനടുക്ക വരെ 0.4 കിലോമീറ്ററും ഒഡ്യാനടുക്ക മുതൽ ഉഡഡുക്ക വരെ 1.05 കിലോമീറ്റർ നീളത്തിലും നബാർഡിന്റെ സഹായത്തോടെ ആന പ്രതിരോധ മതിൽ നിർമ്മാണം തുടങ്ങിയിട്ടുണ്ട്. കൂടാതെ 49.50 കിലോമീറ്റർ സൗരോർജ്ജ വേലി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിർമ്മിച്ചിട്ടുണ്ട്. വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് കയറ്റി വിടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനായി കാസർഗോഡ് ഡിവിഷന്റെ കീഴിൽ, കാസർഗോഡ് റെയിഞ്ചിൽ ഒരു റാപ്പിഡ് റെസ്പോൺസ് ടീം പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ